Estt.B

20/12/24

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പാലക്കാട് പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ വാടക കുടിശ്ശിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1117/2024/SCSTD** **തീയതി,തിരുവനന്തപുരം, 20-12-2024**

---

പരാമർശം:-1) സ.ഉ(സാധാ)നം.1110/2010 SCSTDD തീയതി 10.11.2010

2) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 2/12/2024ലെ SCDD/4885/2022- B2(ESTT B) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുഴൽമന്ദം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്വന്തം കെട്ടിടം പണി പൂർത്തിയാകുന്നതുവരെ ശ്രീ E. P KUNHAIDRU, പുത്തൻപുരയിൽ ഹൗസ്, പുന്നയൂർകളം, തൃശ്ശൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പാലക്കാട് ജില്ലയിലെ കഴൽമന്ദം പഞ്ചായത്തിലെ 4 ആം വാർഡിലെ ബ്ലോക്ക് 15, പുതിയ റീ സർവേ 507/10 തണ്ടപ്പേർ 1624. സർവ്വേ 78/3 A ൽ പ്പെട്ട കെട്ടിടത്തിന്റെ മൂന്നാം നിലയുടെ പടിഞ്ഞാറു ഭാഗം പട്ടികജാതി വികസന വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ നവീകരിച്ച് പണിത് ലഭിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള വാടക കെട്ടിടമുടമയ്ക്ക് നൽകണമെന്ന പരാമർശം ( 1 ) ലെ ഉത്തരവ് പ്രകാരമാണ് പ്രവർത്തിച്ചു വരുന്നതെന്നും ടി കെട്ടിടത്തിന് പാലക്കാട് പൊതുമരാമത്ത് വകുപ്പ് , എക്സിക്യൂട്ടീവ് എൻജിനിയർ പ്രതിമാസം 13,750/- രൂപ നിരക്കിൽ വാടക നിശ്ചയിച്ച് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ടെന്നും കൂടാതെ 01/03/2020 മുതൽ 31/03/2023 വരെയുള്ള ലഭ്യതാ രഹിത സാക്ഷ്യപത്രം പാലക്കാട് പൊതുമരാമത്ത് വകുപ്പ്, എക്സിക്യൂട്ടീവ് എൻജിനിയർ മുഖേന പാലക്കാട്, PETC, പ്രിൻസിപ്പൽ ലഭ്യമാക്കിയിട്ടുണ്ടെന്നും , പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പാലക്കാട് കുഴൽമന്ദം പി ഇറ്റി സി കെട്ടിടത്തിന്റെ 1/03/2020 മുതൽ 31/03/2023 വരെയുള്ള വാടക കുടിശ്ശിക 5,08,750/- (അഞ്ചുലക്ഷത്തി എണ്ണായിരത്തി എഴുന്നൂറ്റി അമ്പതു)രൂപ 2225-01- 277-66-06-(NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് കുഴൽമന്ദം പി.ഇ.റ്റി. സി കെട്ടിടത്തിന്റെ 1/03/2020 മുതൽ 31/03/2023 വരെയുള്ള വാടക കുടിശ്ശിക 5,08,750/- (അഞ്ചുലക്ഷത്തി എണ്ണായിരത്തി എഴുന്നൂറ്റി അമ്പതു)രൂപ 2225-01- 277-66-06-(NP ) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E, Audit), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nazeer S
Date: 20-12-2024 12:09:45
സെക്ഷൻ ഓഫീസർ